# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4764 23.07.2015- ൽ മറുപടിക്ക്

## നെയ്ത്ത് തൊഴിലാളികൾക്ക് നല്കിയ സഹായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നെയ്ത്ത് തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) നെയ്ത്ത് തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റീഫോം, റീ-സ്ട്രക്ചറിംഗ് (ആർ.ആർ.ആർ) പാക്കേജ് നടപ്പിലാക്കി. |
| (ബി) എന്തെല്ലാം പാക്കേജ് ആണ് ഇതിനായി നടപ്പാക്കിയത്; വിശദമാക്കുമോ ; | (ബി) റിവൈവൽ, റീഫോം, റീ-സ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം പ്രാഥമിക കൈത്തറി സംഘങ്ങളുടെയും അപ്പക്സ് സംഘത്തിന്റെയും സ്വകാര്യ നെയ്ത്തുകാരുടെയും 31.03.2010 വരെയുള്ള ബാങ്കിലെ കടിശ്ശികയായിട്ടുള്ള 100% വായ്പാ തുകയും 25% പലിശയും തിരിച്ചടക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് നടപ്പാക്കിയത്. സംഘം മെമ്പർമാർക്കു കൊടുക്കുവാനുള്ള കടിശ്ശികയും ഡെഡ് സ്റ്റോക്കിന്റെ മുഴുവൻ വിലയും പഴയസ്റ്റോക്കിന്റെ 50% വിലയും നൽകുന്നു. |
| (സി) ആർക്കെല്ലാമാണ് പാക്കേജ് വഴി സഹായങ്ങൾ ലഭിച്ചത്; | (സി) ഹാന്റക്സ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, സ്വകാര്യനെയ്ത്തുകാർ, എന്നിവർക്കാണ് പാക്കേജ് വഴി സഹായം ലഭിച്ചത്. |

(ഡി) എന്തെല്ലാം ധനസഹായങ്ങളാണ് ലഭിച്ചത് ; വിശദമാക്കാമോ?

(ഡി) പ്രാഥമിക കൈത്തറി സംഘങ്ങളുടെയും, അപ്പക്സ് സംഘത്തിന്റെയും സ്വകാര്യ നെയ്ത്തുകാരുടെയും 31.03.2010 ന് കുടിശ്ശികയായിട്ടുള്ള വായ്പാ തുകയുടെ 100%, പലിശയുടെ 25% (നോൺ പെർഫോമിംഗ് അസെറ്റ് ആയ തീയതി വരെയുള്ള) എന്നിവ തിരിച്ചടക്കുന്നതിനും, സംഘങ്ങളിലെ മെമ്പർമാർക്ക് നൽകാനുള്ള കുടിശ്ശിക, ഡെഡ് സ്റ്റോക്കിന്റെ മുഴുവൻ വിലയും, പഴയ സ്റ്റോക്കിന്റെ വിലയുടെ 50% എന്നീ ആവശ്യങ്ങൾക്കുള്ള ധനസഹായങ്ങളുമാണ് നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ